**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തനത് ഉല്പന്നങ്ങൾ ഉപയോഗപ്രദമാക്കി നാടിന്റെ അദ്ധ്വാനവും സഹകരണവും ഉറപ്പാക്കി തൊഴിലവസരങ്ങളും വിഷമുക്ത ഉല്പന്നങ്ങൾ ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പി.എം.എഫ്.എം.ഇ പദ്ധതിയിലൂടെ തനത് ഉല്പന്നങ്ങൾ ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രവർത്തിക്കുന്നതോ പുതുതായി ആരംഭിക്കുന്നതോ ആയ വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് സംരംഭങ്ങൾക്ക് പ്രത്യേക ധനസഹായവും കുടുംബശ്രീ അംഗങ്ങൾക്കും മറ്റ് ഗ്രൂപ്പുകൾക്കും വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് സംരംഭം ആരംഭിക്കാൻ ധനസഹായവും മാർക്കറ്റിങ്ങ് മുതലായ സഹായവും നൽകി വരുന്നു. തനത് ഉത്പന്നങ്ങളുടെ സംസ്കരണത്തിന് പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഈ പദ്ധതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. ഇതിന് പുറമെ സംരംഭക വർഷത്തിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെയും തനത് ഉല്പ്പന്നങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള വൺ ലോക്കൽ ബോഡി വൺ പ്രോഡക്റ്റ് പദ്ധതി നടപ്പിലാക്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ പ്രധാന കാർഷിക ഉല്പന്നങ്ങളിൽ നിന്ന് ലഭ്യമാകുന്ന വെളിച്ചെണ്ണ, മറയൂർ ശർക്കര എന്നിവ കൂടുതൽ ഉല്പാദിപ്പിച്ച് ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വ്യാജ ഉൽപ്പന്നങ്ങളെ ഒഴിവാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ തനത് വിഭവങ്ങളുടെ ഗുണമേന്മയും നിലവാരവും ഉറപ്പ് വരുത്തുന്നതിന് മെയ്ഡ് ഇൻ കേരള ബ്രാൻഡിങ്ങ് നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ Geographical Indications (GI) ഉള്ള മറയൂർ ശർക്കര മുതലായ ഉത്പന്നങ്ങളുടെ ഉപഭോക്താക്കളെയും യഥാർത്ഥ നിർമാതാക്കളെയും ബന്ധിപ്പിക്കുന്നതിനുള്ള GI portal ആരംഭിക്കുന്നതിനുള്ള പ്രവർത്തനവും നടന്ന് വരുന്നു. |
| (സി) | ഒപ്പം കേരള വ്യവസായ വികസനം ലക്ഷ്യമിട്ട് മുൻ സർക്കാർ നടത്തിയതും തുടർസർക്കാരും വ്യവസായ | (സി) | സംസ്ഥാനം വ്യവസായ സൗഹൃദമാക്കുക വഴി വ്യവസായ വികസനം സാധ്യമാക്കുകയും ഉല്പാദനം |

| | |
|---|---|
| വകുപ്പും സ്വീകരിച്ചുവരുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലകപോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്നു വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്നു വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരുകാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചു വരുന്നു. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികളും ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിവിധ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന നടപടികൾ ഏകോപിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതിപരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതി പരിഹാരകമ്മിറ്റികൾ 2021ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ഓർഡിനൻസ് |

പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിന്റെ വ്യവസായ വികസനം ലക്ഷ്യമിട്ടും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25% - 10.25%) 100 കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50 % വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.
കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാകും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു. 1.സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ 2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ കൂടാതെ പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയായ പ്രവാസി ഭദ്രതാ മെഗാ പദ്ധതി മുഖേന പ്രവാസികൾക്ക് 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെ വായ്പ അനുവദിക്കുന്നു. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാന ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60 % സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള' ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. പ്രധാന പദ്ധതികളായ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക്, പാലക്കാട്ടുള്ള ലൈറ്റ് ഇഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട് ബിസിനസ്സ്

| | | | |
|---|---|---|---|
| | | | ഇൻകുബേഷൻ/ Commercial office Complex, അങ്കമാലിയിൽ ബിസിനസ്സ് പാർക്ക്, കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസ് കൂടാതെ ചേർത്തല, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എന്നിവ കെ.എസ്.ഐ.ഡി.സി വഴി നടപ്പിലാക്കിയും താഴെപ്പറയുന്ന പദ്ധതികൾ കിൻഫ്ര വഴിയും നടപ്പിലാക്കി വരുന്നു. 1. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി – പാലക്കാട്, കൊച്ചി 2. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി 3. ഡിഫൻസ് പാർക്ക്, പാലക്കാട് 4. മെഗാ ഫുഡ് പാർക്ക്, പാലക്കാട് 5. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി 6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി 7. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം 8. ഐ.ടി/ഐ.ടി അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ